# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE : 20/04/2023** |
| **Class Note** | **Lesson: കടൽത്തീരത്ത്** | **Topic: MCQ & Descriptive** |

## കടൽത്തീരത്ത്

***അർത്ഥം:***

ഓതം= നനവ്/ സാന്ത്വനം= സമാശ്വസിപ്പിക്കൽ/ മേട്= കുന്ന്/ താണ്ടുക= കടക്കുക/ പടവ്= പടി/ നിജം വരുത്തുക= ഉറപ്പു വരുത്തുക/ അന്ധാളിക്കുക= പരിഭ്രമിക്കുക/ കാർന്നോർ= കാരണവർ/ പാഥേയം= പൊതിച്ചോറ്/ സജീവം= ജീവനുള്ളത്/ വെങ്ങുക=അടുക്കുക, വിങ്ങുക/ സ്ഥായി= നിലനിൽക്കുന്നത്/ സാന്ദ്രം= തിങ്ങിയ

***പര്യായപദങ്ങൾ :***

യാത്ര: യാനം, ഗമനം, വ്രജ്യ/ കരിമ്പന: തരുരാജൻ, ദീർഘതരു, ദീർഘദ്രുമം /കടം: വായ്പ, ഋണം, ഉദ്ധാരം/കാറ്റ്: വായു, അനിലൻ, സമീരൻ, മാരുതൻ/ജനാല: ജനൽ, ജാലകം, ഗവാക്ഷം/കുളം: വാപി, ജലാശയം, പുഷ്കരിണി/പക്ഷി: ഖഗം, വിഹഗം, പത്രി /പാടം: വയൽ, കേദാരം /ലോകം: ജഗത്, ജഗതി, വിഷ്ടപം, ഭുവനം/പകൽ: ദിനം, വാസരം, അഹസ്സ്, ദിവസം/പുലരി: പ്രഭാതം, ഉഷസ്സ്, കാല്യം, വിഭാതം/ കാക്ക: ബലിഭുക്ക്, കരടം, വായസം /വെയിൽ: ആതപം, ദ്യോതം, പ്രകാശം/നിന്ദ: ഗർഹണം, പരിവാദം, ജുഗുപ്സ/നെറ്റി: ലലാടം, ഫാലം, അളീകം/ കടൽ: ആഴി, സാഗരം, സമുദ്രം, അബ്ധി/ അന്നം: ചോറ്, ഓദനം, ഭക്തം

***വിപരീതപദം :***

ആദരവ് X അനാദരവ്/ ദീർഘം X ഹ്രസ്വം/സമ്പന്നം X ദരിദ്രം/ നിർജീവം X സജീവം/ രഹിതം X സഹിതം/ അസ്തമയം X ഉദയം

***നാനാർത്ഥം :***

കടം: വായ്പ, പായ്/ മേട്: മലമുകൾ, ഉപദ്രവം/ ചിത്രം: പടം, അത്ഭുതം/ മതി: ബുദ്ധി, ചന്ദ്രൻ / വേദന: നൊമ്പരം, അറിവ്/ അന്നം: അരയന്നം, ആഹാരം/ സമയം: കാലം, കല്പന

***പിരിച്ചെഴുതുക:***

വെള്ളായിയപ്പൻ = വെള്ളായി + അപ്പൻ/ അപ്പുറം = അ + പുറം / സഹാനുഭൂതി = സഹ + അനുഭൂതി /കടങ്ങൾ = കടം + കൾ /കുളത്തിൽ = കുളം + ഇൽ / തടവറ = തടവ് + അറ / ദേഹത്തെ = ദേഹം + എ

***അർത്ഥവ്യത്യാസം :***

പാടം=വയൽ പടം=ചിത്രം /പട്ട=പനയുടെ ഓല പട്ടട=ശ്മശാനം /കടം=വായ്പ ഘടം=കുടം/ ചുമൽ=തോൾ ചുമർ=ഭിത്തി /പണം=ധനം, രൂപ പിണം=മൃതശരീരം /ചിത്രം=പടം ഛത്രം=കുട/

നിജ= തന്നെ സംബന്ധിച്ച നിജം=സത്യം, നിശ്ചയം/പടി=പടിക്കെട്ട്, പോലെ പിടി=പിടിത്തം, സ്വാധീനം/ ശ്രവണം=ചെവി ശ്രാവണം=ചിങ്ങമാസം/ കൊമ്പ്= ശിഖരം കാമ്പ്=കഴമ്പ്

***<u>എതിർലിംഗം :</u>***

മണ്ണാത്തി - മണ്ണാൻ /മരയ്ക്കാൻ - മരയ്ക്കാത്തി/ കിഴവൻ - കിഴവി/ പാറാവുകാരൻ - പാറാവുകാരി/ അപരിചിതൻ - അപരിചിത/ മേധാവി - മേധാവിനി/ യജമാനൻ - യജമാനത്തി

***<u>വിഗ്രഹിച്ചെഴുതുക:</u>***

തീവണ്ടി= തീ കൊണ്ട് ഓടുന്ന വണ്ടി / തീവണ്ടിയാത്ര= തീവണ്ടിയിലെ യാത്ര/ നെടുവരമ്പ് = നെടുതായ വരമ്പ് / ഊട്ടുദൈവങ്ങൾ= ഊണ് കൊടുത്ത് ആരാധിക്കുന്ന ദൈവങ്ങൾ / ദൈവസാന്ദ്രമായി= ദൈവത്താൽ സാന്ദ്രമായി / നീലിമണ്ണാത്തി= നീലി എന്ന മണ്ണാത്തി/ മുണ്ടകപ്പാടം= മുണ്ടകം എന്ന കൃഷി നടത്തുന്ന പാടം/ കൊലക്കയറ്= കൊലയ്ക്കുള്ള കയറ്/ അപരിചിതർ= പരിചയമില്ലാത്തവർ/ പാറാവുകാരൻ= പാറാവു നടത്തുന്നവൻ= കാവൽക്കാരൻ

***<u>ചോദ്യോത്തരങ്ങൾ :</u>***

*<u>1. വെള്ളായിപ്പന്റെ ദു:ഖം ഗ്രാമത്തിന്റെ ദു:ഖമായി കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ?</u>*

അമ്പതിൽ ചില്വാനം കുടുംബങ്ങളുള്ള പാഴുതറയിലെ ഒരു കുടിലിലാണ് വെള്ളായിയപ്പനും കുടുംബവും താമസിക്കുന്നത്. കണ്ടുണ്ണിയെ തൂക്കിലേറ്റാൻ പോകുന്നു എന്ന വാർത്ത പാഴുതറയെ മുഴുവൻ ദു:ഖത്തിലാഴ്ത്തുന്നു. വെള്ളായിയപ്പൻ ജയിലേക്ക് പുറപ്പെടാൻ നേരം വീട്ടിൽ നിന്ന് കൂട്ടനിലവിളി ഉയരുമ്പോൾ പാഴുതറയിലെ മുഴുവൻ വീടുകളിലും വിഷാദവും സഹാനുഭൂതിയും നിറയുന്നു. കണ്ണൂരിലേക്ക് തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ പാഴുതറയിലുള്ളവരെല്ലാം വെള്ളായിയപ്പന്റെ കൂടെ പോകുമായിരുന്നു. വഴിയിൽ വെള്ളായിയപ്പൻ കണ്ടുമുട്ടുന്ന പരിചയക്കാരും അയാളുടെ ദു:ഖത്തിൽ പങ്കുചേരുന്നുണ്ട്. എതിരെ വരുന്ന കുട്ട്യസ്സൻമാപ്പിളയുടെയും നീലിമണ്ണാത്തിയുടെയും അഭിസംബോധന വിഷാദത്തിന്റെ വിശാലലോകമാണ് വെളിപ്പെടുത്തുന്നത്.

*<u>2. 'കടൽത്തീരത്ത്' എന്ന കഥയിലെ ഗദ്യഭാഷയുടെ പ്രത്യേകതകൾ വിലയിരുത്തുക</u>*

'കടൽത്തീരത്ത്' എന്ന കഥയിലെ ഗദ്യഭാഷ പലപ്പോഴും കാവ്യാത്മകതലത്തിലേക്ക് ഉയരുന്നത് കാണാം. ''ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന'', ''പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു'' തുടങ്ങിയ വാക്യങ്ങൾ ഒരു വൈകാരികാന്തരീക്ഷം കൂടി സൃഷ്ടിക്കുന്നു. ഇത്തരം വാക്യങ്ങൾ കഥയിലുടനീളം കാണാം. ''അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി'', ''ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പനമ്പട്ടകളിൽ ഊട്ടു ദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതു പോലെ'' ഈ വാക്യങ്ങൾ കവിതയുടെ ഭാവസൗന്ദര്യമാണ് വായനക്കാരന് സമ്മാനിക്കുന്നത്.

*3.''രണ്ടു വാക്കുകൾ മാത്രം. വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്.'' വിശദീകരിക്കുക*

സംബോധനകൾക്കിടയിലെ മൗനവും അപൂർണ്ണവാക്യങ്ങളും 'കടൽത്തീരത്ത്' എന്ന കഥയെ കൂടുതൽ കാവ്യാത്മകവുമാക്കുന്നു. റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്നതിനിടയിൽ വെള്ളായിയപ്പൻ കണ്ടുമുട്ടുന്ന കുട്ട്യസ്സൻമാപ്പിളയും നീലിമണ്ണാത്തിയുമായുള്ള സംഭാഷണം പരസ്പരമുള്ള രണ്ട് സംബോധനകൾക്കുള്ളിൽ ഒതുങ്ങുന്നു. ജയിലിൽ വെള്ളായിയപ്പനും മകനും കാണുന്ന സന്ദർഭത്തിലെ വികാരവിനിമയവും വാക്കുകളും മൗനവും ഇഴചേർന്നതാണ്. വാക്കുകൾ അപ്രസക്തമാകുന്ന സന്ദർഭങ്ങളാണിവ. കഥയുടെ വൈകാരികാന്തരീക്ഷത്തെ വളർത്താനും ആശയങ്ങളെ അർത്ഥപൂർണ്ണമായി അവതരിപ്പിക്കാനും മൗനത്തിന് കഴിയുമെന്നതിന് ഉദാഹരണമാണ് 'കടൽത്തീരത്ത്' എന്ന കഥ.

*4 വെള്ളായിയപ്പൻ കൂടെ കൊണ്ടുപോകുന്ന പൊതിച്ചോറ് 'കടൽത്തീരത്ത്' എന്ന കഥയുടെ ഭാവതലത്തെ എത്രമാത്രം സ്വാധീനിക്കുന്നു എന്ന് പരിശോധിക്കുക*

ജയിലിൽ കഴിയുന്ന മകനെ കാണാൻ പോകുന്ന വെള്ളായിയപ്പന് യാത്രയ്ക്കിടയിൽ കഴിക്കാൻ ഭാര്യ കോടച്ചി ഉണ്ടാക്കിക്കൊടുത്തതാണ് പൊതിച്ചോറ്. മരണത്തിനു വിധിക്കപ്പെട്ട മകനെക്കുറിച്ചോർത്തപ്പോൾ അയാൾക്ക് അത് കഴിക്കാനായില്ല. തോർത്തിൽ പൊതിഞ്ഞെടുത്ത ചോറ് മകനു നൽകാൻ വെള്ളായിയപ്പൻ ഭദ്രമായി സൂക്ഷിച്ചു. പക്ഷേ ജയിലിൽ മകനെ കണ്ടപ്പോൾ അവന് അത് നൽകാൻ അയാൾ മറന്നു. ഒടുവിൽ മകന്റെ ശരീരം മറവു ചെയ്ത ശേഷം ആ പൊതിച്ചോറ് അയാൾ മകന് ബലിച്ചോറായി അർപ്പിക്കുന്നു. മകനു നൽകാൻ കൊണ്ടുപോയ ചോറ് ബലിച്ചോറായി പരിണമിക്കുന്നത് കഥയുടെ ഭാവതീവ്രത വർദ്ധിപ്പിക്കുന്നു.

***